ഏറനാട് മണ്ഡലത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള ഭരണാനുമതി

177 (4463) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏറനാട് മണ്ഡലത്തിലെ എടവണ്ണ പന്നിപ്പാറപള്ളി മുക്കിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി സർവ്വേയും മറ്റും പൂർത്തിയാക്കി, ഐ.ഡി.ആർ.ബി.-യിൽ ഡിസൈൻ തയ്യാറാക്കി ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനായി എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ ആയതിൽ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഏറനാട് മണ്ഡലത്തിലെ എടവണ്ണ പന്നിപ്പാറ പള്ളിമുക്കിൽ അംഗീകരിച്ച ഡിസൈൻ പ്രകാരമുള്ള റെഗുലേറ്ററിന്റെ നിർമ്മാണത്തിനായി സിവിൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ഉക 15 കോടി രൂപയാണ്. റെഗുലേറ്ററിന്റെ ഷട്ടറിന്റെയും ഓപ്പറേറ്റിംഗ് പ്ലാറ്റ്ഫോമിന്റെയും ഡിസൈനും എസ്റ്റിമേറ്റും മെക്കാനിക്കൽ വിഭാഗം തയ്യാറാക്കിവരുന്നു. ഇത് പൂർത്തിയായാൽ മാത്രമേ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

ആനപ്പടി ഹൈഡ്രോളിക് ബ്രിഡ്ജ് നിർമ്മാണം

178 (4464) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ കനോലി കനാലിന് കുറുകെ വെളിയങ്കോട് ആനപ്പടിയിൽ ആസ്തി വികസന ഫണ്ടിൽനിന്നും നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനോട് നിർദ്ദേശിച്ച ആനപ്പടി ഹൈഡ്രോളിക് ബ്രിഡ്ജ് നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി എന്നേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആനപ്പടി ഹൈഡ്രോളിക് ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിയുടെ സിവിൽ പ്രവൃത്തിക്ക് 3 പ്രാവശ്യം ടെണ്ടർ വിളിച്ചെങ്കിലും ആരും എടുക്കാത്തതിനാൽ ക്വട്ടേഷൻ വിളിച്ചു. അതും ആരും ഏറ്റെടുത്തില്ല.

(ബി) ടെണ്ടർ നടപടി പൂർത്തിയായാൽ മാത്രമേ ആരംഭിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly